# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഭൂസമരത്തിന്റെ ഒത്തുതീർപ്പു വ്യവസ്ഥകൾ</u>

1206 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിയിൽ നടത്തിയ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകളുടെ വിശദാംശം നൽകുമോ;

(ബി) സമരത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും ഭൂരഹിതർക്ക് എന്നുമുതൽ ഭൂമി വിതരണം ചെയ്തു തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇതിനായി ഓരോ ജില്ലയിലും ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം ഭരണസംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഭൂസമരം

1207 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനുവരി ഒന്നുമുതൽ ആരംഭിച്ച ഭൂസമരം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ സമരത്തിന്റെ ഭാഗമായി സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കാമോ;

(സി) സമരം ഒത്തുതീർപ്പാക്കുന്നതിന് സമരസമിതിയുമായി ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ ഏതൊക്കെ ഘട്ടങ്ങളിൽ ആരൊക്കെ പങ്കെടുത്തുകൊണ്ടാണ് ചർച്ച നടത്തിയതെന്ന് വിശദമാക്കാമോ;

(ഡി) ചർച്ചയിൽ ഏതൊക്കെ ആവശ്യങ്ങളാണ് അംഗീകരിക്കപ്പെട്ടത്: എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തത്; വിശദമാക്കാമോ;

(ഇ) ചർച്ചയുടെ യോഗനടപടിക്കുറിപ്പ് നൽകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ</u>

1208 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ: ഈ വർഷം എത്ര പേർക്ക് ഭൂമി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം നൽകുമോ; എത്ര സെന്റ് ഭൂമി വീതമാണ് ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് നൽകാൻ ഉദ്ദേശിക്കുന്നത്; സമയബന്ധിതമായിത് നൽകുമോ; എങ്കിൽ എത്ര നാളുകൾക്കുള്ളിൽ നൽകാനാകും; വിശദമാക്കുമാ;

(സി) സംസ്ഥാനത്ത് ഭൂരഹിതരായവരിൽ എസ്.സി/ എസ്.ടി/മറ്റ് വിഭാഗങ്ങൾ എന്നിവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; ഇവർക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദ വിവരം നൽകുമോ ?

<u>സീറോ ലാന്റ് ഹോൾഡേഴ്സ്</u>

1209 ശ്രീ. പി. തിലോത്തമൻ

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ് ഹോൾഡേഴ്സിനെ കണ്ടെത്തുന്നതിനും അവർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ; ഭൂമിയില്ലാത്ത എത്രപേരെ ഇതിനോടകം കണ്ടെത്തി എന്ന് പറയുമോ; ഇവർക്ക് എത്ര സെന്റ് ഭൂമി വീതമാണ് നൽകാൻ പോകുന്നതെന്ന് പറയുമോ; ആകെ എത്ര ഭൂമി കണ്ടെത്തിയെന്നും നിലവിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നൽകാൻ എത്ര ഭൂമി വേണമെന്നും പറയുമോ; എത്ര കാലയളവിനുള്ളിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) സീറോ ലാന്റ് ഹോൾഡേഴ്സിന് നൽകാനുള്ള ഭൂമിയിൽ എത്ര ഹെക്ടർ ഭൂമി ഈ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയതാണെന്ന് വ്യക്തമാക്കുമോ; ഈ ഭൂമി കണ്ടെത്തുന്നതിനും അപേക്ഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനും സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി വില്ലേജ് ഓഫീസുകളിൽ അധികമായി ജീവനക്കാരെ നിയമിക്കുകയുണ്ടായോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1210

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(ബി) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷ അനുസരിച്ച് എത്ര പേർക്ക് ആനുകൂല്യം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

1211 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയില്‍ എത്ര ആപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകളിന്മേല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ; ഭൂരഹിതരായ മുഴുവന്‍ പേര്‍ക്കും അപേക്ഷ നല്‍കാന്‍ കഴിഞ്ഞിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നല്‍കുന്നതിന് എത്ര ഹെക്ടര്‍ ഭൂമി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കില്‍ എവിടെയെല്ലാം ; എത്ര ഹെക്ടര്‍ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സര്‍ക്കാര്‍ ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളില്‍ ആവശ്യമായ ഭൂമി എങ്ങിനെ കണ്ടെത്താമെന്നാണ് കരുതുന്നത്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഭൂരഹിതരുടെ കുടിൽകെട്ടി സമരങ്ങൾ

1212 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിടപ്പാടത്തിനായുള്ള ഭൂരഹിതരുടെ പ്രക്ഷോഭത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ കുടിൽ കെട്ടിയുള്ള സമരങ്ങൾ നടന്നുവെന്ന് ജില്ല് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര വീതം ഭൂരഹിതർ കുടിൽകെട്ടിയുള്ള സമരത്തിന് പങ്കെടുക്കുയുണ്ടായി;

(സി) ഭൂരഹിതർക്ക് പതിച്ചു നൽകാവുന്ന എത്ര ഏക്കർ ഭൂമി സമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്; സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന മൊത്തം മിച്ച ഭൂമി എത്ര ഏക്കറാണ്;

(ഡി) ഭൂരഹിതർക്ക് എന്നു മുതൽ ഈ ഭൂമികൾ പതിച്ചു നൽകും?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഭൂസംരക്ഷണ സമരം

1213 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013 ജനുവരി 1 മുതൽ നടന്ന ഭൂസംരക്ഷണ സമരത്തിന്റെ ഭാഗമായി ഏതെല്ലാം ഭൂമികളിൽ പ്രവേശനം നടത്തുകയുണ്ടായെന്നും ഏതെല്ലാം ഭൂമികളിൽ ഭൂരഹിതർ കുടിൽ കെട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഭൂസമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ട മിച്ചഭൂമി ഏതൊക്കെയാണ് ; ഇവ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് നല്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ് ;

(സി) സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും കേസുകളിൽ അകപ്പെട്ടതിനാൽ ഏറ്റെടുക്കാൻ കാലതാമസം വന്നിട്ടുള്ളതും അല്ലാത്തതുമായ മൊത്തം മിച്ചഭൂമി എത്ര ഏക്കറാണ് ;

(ഡി) ഭൂരഹിതർക്ക് 10 സെന്റ് വീതം നല്കുന്നതിനാവശ്യമായി വരുന്ന ഭൂമി എത്ര ഏക്കറാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സീറോ ലാൻലെസ്സ് പദ്ധതി</u>

1214

ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരുടെ കണക്ക് ലഭ്യമാണോ; എല്ലാ ഭൂരഹിതർക്കും അപേക്ഷ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സീറോ ലാന്റ്ലെസ്സ് പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷാഫോറങ്ങളാണ് വിതരണം ചെയ്തിരുന്നത്; ഇതിൽ എത്ര അപേക്ഷയാണ് പൂരിപ്പിച്ച് തിരികെ ലഭിച്ചത്; ഇതിൽ പട്ടികജാതിക്കാരായ അപേക്ഷകർ എത്ര; പട്ടികവർഗ്ഗമെത്ര;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(ഡി) ഭൂരഹിതരായ പട്ടികവിഭാഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവെത്ര;

(ഇ) ഭൂരഹിതരായ പട്ടികവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർക്കു വിതരണം ചെയ്യുന്നതിനുള്ള മിച്ചഭൂമി</u>

1215 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ ഭൂരഹിതരായവർക്കു വിതരണം ചെയ്യുന്നതിനായി എത്ര മിച്ച ഭൂമിയുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടും ഭൂമി വിട്ടുതരാതെ കൈവശം വച്ച് അനുഭവിക്കുന്ന ഭൂവുടമകളെ സംബന്ധിച്ച് ഗവൺമെന്റിന്റെ പക്കൽ ലഭ്യമായ വിവരങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ ഗവൺമെന്റ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സീറോ ലാൻറ്ലെസ്സ് പദ്ധതി</u>

1216 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര അപേക്ഷളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ പട്ടികജാതിക്കാരായ അപേക്ഷകർ എത്ര; പട്ടികവർഗ്ഗമെത്ര;

(ബി) സംസ്ഥാനത്ത് എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(സി) എല്ലാ ഭൂരഹിതർക്കും അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) ഭൂരഹിതരായ പട്ടിക വിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് ഭൂമി നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇവർക്ക് എത്ര അളവിൽ ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലാന്റ് ബാങ്ക്</u>

1217 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാന്റ് ബാങ്കിൽ ഇപ്പോൾ എത്ര ഹെക്ടർ ഭൂമിയാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തും, ഈ സർക്കാരിന്റെ കാലത്തും ലാന്റ് ബാങ്കിലെത്തിയ ഭൂമി എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) അനധികൃത ഭൂമികൈയ്യേറ്റക്കാരിൽ നിന്നും പിടിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ച ഭൂമി ഭൂരഹിതർക്ക് വിതരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി</u>

1218 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യപടിയായി 2012 ഏപ്രിൽ മാസത്തിൽ സർവ്വെ നടത്തും എന്ന സർക്കാരിന്റെ പ്രഖ്യാപനം ശ്രദ്ധയിലുണ്ടോ ; അതിൻപടി സർവ്വേ നടത്തിയോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത സർവ്വെ നടത്തി;

(ബി) പ്രസ്തുത സർവ്വേയ്ക്കായി ആരെയാണ് ചുമതലപ്പെടുത്തിയത്;

(സി) ഏതെല്ലാം ജില്ലകളിൽ സർവ്വെ നടപടികൾ പൂർത്തിയായി; സർവ്വെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ ;

(ഡി) ഒറ്റപ്പാലം താലൂക്കിലെ ഓരോ പഞ്ചായത്തിലെയും ഭൂരഹിതരുടെ എണ്ണം പ്രസിദ്ധീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ</u>

1219 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1999-ലെ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ നിയമം എന്നുമുതലാണു പ്രാബല്യത്തിൽ വന്നതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമ പ്രകാരം ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി ആദിവാസികൾക്കു തിരികെ നൽകുന്നതിനായി ഗവൺമെന്റ് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ ഏറ്റെടുത്ത ആദിവാസികളുടെ ഭൂമി ആദിവാസി ജനവിഭാഗങ്ങൾക്ക് തിരികെ നൽകുവാൻ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ ;

(ഡി) ഇങ്ങനെ ഏറ്റെടുത്ത എത്ര ഹെക്ടർ ഭൂമി ആദിവാസി ജനവിഭാഗങ്ങൾക്ക് ഓരോ ജില്ലയിലും തിരികെ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഭൂമിയില്ലാത്തവർക്ക് ഭൂമി

1220 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണുള്ളത്; ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(ബി) ഈസർക്കാർ അധികാരമേറ്റശേഷം 2012 ആഗസ്റ്റ് 15 വരെ ഭൂമിയില്ലാത്തവരുടെയും, ഭൂമിക്ക് അർഹതയുള്ളവരുടെയും കണക്ക് വിവിധ വില്ലേജാഫീസുകൾ വഴി ശേഖരിച്ചതുപ്രകാരം എത്ര പേർ ഇതിന് അർഹരായിട്ടുണ്ട്; ജില്ലതിരിച്ചു കണക്ക് ലഭ്യമാക്കുമോ;

(സി) 2013 ജനുവരി 1 മുതൽ നടന്ന ഭൂസമരത്തെത്തുടർന്ന് പ്രസ്തുത തീയതി 2012 ആഗസ്റ്റ് 15-ൽ നിന്നും എന്നുവരെ നീട്ടുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഭൂമിദാനപദ്ധതിയിൽ കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്കു മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) 2013 ആഗസ്റ്റ് 15-ന് എത്രപേർക്കാണ് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നത്; എത്ര സെന്റ് വീതം; ആയതിലേയ്ക്ക് എത്ര ഏക്കർ ഭൂമി വേണ്ടിവരും; വിശദമാക്കുമോ;

(എഫ്) സർക്കാരാവശ്യത്തിനായി മാറ്റിവെച്ചിട്ടുള്ള ഭൂമി, പദ്ധതികളുടെ ആവശ്യത്തിന് ഏറ്റെടുക്കുകയും ഇപ്പോൾ ഉപയോഗിക്കാത്തതുമായ ഭൂമി, പുറമ്പോക്കുഭൂമി എന്നിവ അളന്നു തിട്ടപ്പെടുത്തി നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ഭൂമിയില്ലാത്ത മുഴുവൻ പേർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഭൂസംരക്ഷണ സേനയുടെ രൂപീകരണം</u>

1221

ശ്രീ. വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍
,, പി. എ. മാധവന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂസംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) സേനയിലെ അംഗങ്ങള്‍ ആരെല്ലാമാണ്; വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് സേനയുടെ പ്രവര്‍ത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഭൂസമരക്കാരുടെ ആവശ്യങ്ങൾ</u>

1222 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, അബ്ദു റഹിമാൻ രണ്ടത്താണി
,, കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ തയ്യാറാക്കിയ പദ്ധതി വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ ഭൂമി ഏതുവിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഭൂസമരം നടത്തുന്നവരുടെ ആവശ്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മുൻ മന്ത്രിസഭയുടെ കാലത്ത് എത്ര മിച്ചഭൂമി പിടിച്ചെടുത്തിരുന്നു; എത്ര ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തു എന്നതിന്റെ വിശദവിവരം നല്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാരും ഭൂസംരക്ഷണസമിതിയും തമ്മില്‍ നടന്ന ചര്‍ച്ചയിലെ തീരുമാനങ്ങള്‍</u>

1223 ശ്രീ. ഇ. പി. ജയരാജന്‍
,, എ. കെ. ബാലന്‍
,, എസ്. രാജേന്ദ്രന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതകുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ എത്ര; പട്ടികജാതി-പട്ടികവര്‍ഗ്ഗവിഭാഗങ്ങളിലെ ഭൂരഹിതരുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) ഭൂസംരക്ഷണസമിതിയുടെ നേതൃത്വത്തില്‍ സംസ്ഥാനവ്യാപകമായി നടന്ന സമരം സര്‍ക്കാരും സമരസമിതിയും തമ്മില്‍ നടന്ന ചര്‍ച്ചയില്‍ ഒത്തുതീരുകയുണ്ടായോ; എന്തെല്ലാം ആവശ്യങ്ങളാണ് സമരസമിതി ഉന്നയിച്ചത്; ഏതെല്ലാം വിഷയങ്ങളില്‍ തീരുമാനമായി; വിശദമാക്കുമോ;

(സി) ഒത്തുതീര്‍പ്പുവ്യവസ്ഥകള്‍ നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിലവില്‍ എത്ര ഹെക്ടര്‍ മിച്ചഭൂമിയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) നിലവിലുള്ള മിച്ചഭൂമി ഭൂരഹിതര്‍ക്കു വിതരണം ചെയ്യുന്നതും, ഭൂരഹിതരായ മുഴുവന്‍ കുടുംബങ്ങള്‍ക്കും അപേക്ഷ സമര്‍പ്പിക്കുന്നതിനുള്ള അവസരം നല്‍കുന്നതും സംബന്ധിച്ച ഒത്തുതീര്‍പ്പുവ്യവസ്ഥകള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലാന്റ് ഇൻഫർമേഷൻ മിഷൻ</u>

1224 ശ്രീ. വർക്കല കഹാർ
,, പാലോട് രവി
,, വി.പി.സജീന്ദ്രൻ
,, എ.റ്റി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഭൂവിസ്തൃതി നിർണ്ണയത്തിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംരംഭത്തിൽ ഒരുക്കിയിട്ടുളളത്;

(ഡി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രസ്തുത സംരംഭത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

റവന്യൂ വകുപ്പിലെ ഓൺലൈൻ സംവിധാനം

1225 ശ്രീ. സി. പി. മുഹമ്മദ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരിത ഉണ്ട് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് സ്കീം</u>

1226 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളസി പ്രകാരം പദ്ധതി പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ (2012-13) എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) പ്രസ്തുത സ്കീം പ്രകാരം ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്;

(സി) ഇങ്ങനെ സ്ഥലം ഏറ്റെടുത്തവയിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1227

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബജറ്റിൽ റവന്യൂ വകുപ്പിൻ കീഴിൽ ഓരോ കണക്കിലും സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഇതിനകം ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു എന്നു വെളിപ്പെടുത്തുമോ;

(ബി) 2012-13 വർഷം റവന്യൂ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ഖജനാവിൽ നിന്നും ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റവന്യു ഡിവിഷൻ അനുവദിക്കുന്നത്</u>

1228 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ റവന്യൂ ഡിവിഷനുകൾ എവിടെയൊക്കെയാണ് പുതിയതായി അനുവദിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ചേലക്കര നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ടുകളുടെ വിശദാംശം

1229 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തുകൾ ഏതെല്ലാം ;

(ബി) ഈ മേഖലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 2012 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ സ്വരൂപിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 2011-2012, 2012-2013 വർഷങ്ങളിൽ ഈ മേഖലകളിൽ നടപ്പിലാക്കുവാൻ ശുപാർശ ചെയ്ത സംരക്ഷണ പ്രവർത്തികൾ ഏതെല്ലാം ; വിശദമാക്കുമോ ;

(ഡി) ഈ മേഖലകളിൽ നിന്ന് സ്വരൂപിക്കുന്ന ഫണ്ടിനനുസരിച്ചുള്ള സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതായി പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിനുള്ള കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

കേരളത്തിൽ പുതിയ ജില്ലകൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

1230 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ജില്ല രൂപീകരിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്ത് എത്ര ജില്ലകൾ കൂടി രൂപീകരിക്കാനുണ്ടാകുമെന്ന് അറിയിക്കാമോ:

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ല വിഭജിച്ച് പുതിയ ജില്ല രൂപീകരിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പുതിയതായി താലൂക്കുകള്‍ രൂപീകരിക്കുന്നതിനുള്ള നടപടി</u>

1231 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സര്‍ക്കാരിന്റെ ഭാഗത്തുനിന്നും നടക്കുന്നുണ്ടോ ;

(ബി) പുതുതായി താലൂക്ക് രൂപീകരിക്കുന്നതിന് വില്ലേജ്-താലൂക്ക് പുന:സംഘടനാ റിപ്പോര്‍ട്ട് പ്രകാരം തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റ് അനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പുതിയ താലൂക്കുകള്‍ രൂപീകരിക്കുന്നതിനായി നിലവിലുള്ള ഏതൊക്കെ താലൂക്കുകള്‍ വിഭജിക്കണമെന്ന ശുപാര്‍ശയാണ് ലഭിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

താലൂക്ക് രൂപീകരിക്കുന്നതിനും അതിർത്തി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ

1232 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് രൂപീകരണവും അതിർത്തി പുനർനിർണ്ണയവും സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, കുന്നത്തുനാട് താലൂക്കുകളുടെ അതിർത്തി പുനർനിർണ്ണയിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആലുവ താലൂക്കിന്റെ പരിധിയിലെ 16 വില്ലേജ് ആഫീസുകളിൽ 9 എണ്ണവും അങ്കമാലിയിലായതിനാലും ജില്ലയുടെ വടക്കേയറ്റത്ത് കിടക്കുന്ന മലയോര പ്രദേശമായ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ആലുവ താലൂക്കിൽ എത്തുന്നത് ദുഷ്കരമായതിനാലും അങ്കമാലി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>താലൂക്ക് വികസന സമിതിയോഗം</u>

1233 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വികസന സമിതി യോഗങ്ങളിൽ വകുപ്പുതല ഉദ്യോഗസ്ഥർ പങ്കെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ഉന്നയിക്കുന്ന പരാതികൾക്ക് നടപടി സ്വീകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വ്യക്തമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

**സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ നിയമനങ്ങൾ**

1234 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിൽ നിയമനങ്ങൾ നടത്തുന്നതിന് റിക്രൂട്ടിംഗ് റൂൾസ് നിലവിലുണ്ടോ ; വിശദമാക്കുമോ ;

(ബി) അതോറിറ്റിയിൽ നാളിതുവരെ എത്ര തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട് ; ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടിയാണോ ;

(സി) ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ഡി) പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും വഴി പ്രസ്തുത തസ്തികയിലേക്ക് ആളെ കിട്ടുന്നതിന് ശ്രമം നടത്തിയിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) അതോറിറ്റിയിൽ നിയമനം നടത്തിയവരുടെ പേരും മേൽവിലാസവും നിയമനരീതിയും വിശദമാക്കാമോ ;

(എഫ്) ഏതെല്ലാം നിയമനത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട യോഗ്യതകളിൽ പിന്നീട് തിരുത്തൽ വരുത്തുകയുണ്ടായി ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലം സബ് താലൂക്ക് ഓഫീസിന്റെ പ്രവര്‍ത്തനം</u>

1235 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലം സബ് താലൂക്കില്‍ എത്ര ജീവനക്കാരാണുള്ളത്;

(ബി) ഈ ഓഫീസ് ശാക്തീകരിക്കുന്നതിനുള്ള നിര്‍ദ്ദേശം സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഏതെല്ലാം നിര്‍ദ്ദേശങ്ങളാണ് സര്‍ക്കാര്‍ പരിഗണിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) 74669/C2/2011/Rev. നമ്പര്‍ ഫയലില്‍ സര്‍ക്കാര്‍ തീരുമാനമെടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ</u>
<u>നികത്തുന്നതിനുള്ള നടപടി</u>

1236 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകൾ നിലവിലുണ്ട്;

(ബി) വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ ഓഫീസർമാരുടെയും മറ്റുദ്യോഗസ്ഥരുടേയും ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ ഉദ്യോഗസ്ഥരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിനെ ആശ്രയിക്കുന്ന സാധാരണക്കാരായ ജനങ്ങളെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

**കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ**
**വിജിലൻസ് അന്വേഷണം**

1237 ശ്രീ. പി.സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007-ൽ കുട്ടനാട്ടിലെ ആർ ബ്ലോക്കിലെ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വിൽപ്പന സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവ് ആയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാര്യങ്ങളിലാണ് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാം എതിരെയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ;

(ഡി) അന്വേഷണം പൂർത്തിയാക്കുന്നതുവരെ ഇതിൽ ഉൾപ്പെട്ട വസ്തുക്കളിൽ പോക്കുവരവ് നടത്തുന്നത് നിർത്തി വയ്ക്കാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നില നിർത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## വില്ലേജുകളിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ

1238 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണ് സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിലെ സംയുക്ത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് സർക്കാർ വകുപ്പിലെ വിവിധ തലങ്ങളിൽ നടത്തിയ മീറ്റിംഗുകളുടെയും എടുത്ത തീരുമാനങ്ങളുടെയും വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സ്ഥലം യഥാർഥ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>റവന്യൂ കെട്ടിട നികുതി</u>

1239 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പുമായി ബന്ധപ്പെട്ട കെട്ടിട നികുതി കുടിശ്ശിക ഒരു വർഷത്തിലധികമായി നിലവിലുള്ളത് ഗാർഹിക/വ്യാവസായിക ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്ത കാരണത്താൽ കെട്ടിട നികുതി ഈടാക്കലിൽ നിന്ന് ഒഴിവായിട്ടുള്ള കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേകമായ ഒരു സംവിധാനം നടപ്പിൽ വരുത്തുന്നതിന് തയ്യാറാകുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണാനുമതി കെട്ടിടങ്ങൾക്ക് നൽകുന്നതിനോടൊപ്പം അനുബന്ധ വിവരം യഥാസമയം റവന്യൂ വകുപ്പിലേക്ക് അറിയിക്കുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കുന്നതിലൂടെ റവന്യൂ കെട്ടിട നികുതി ഒഴിവാക്കപ്പെടുന്നതിനുള്ള സാധ്യത പൂർണ്ണമായും കുറയ്ക്കാമെന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലീസ് വ്യവസ്ഥയിൽ നൽകിയ ഭൂമി തിരിച്ചെടുക്കൽ</u>

1240 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്ന് ലീസ് വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്കും, കമ്പനികൾക്കും നൽകിയ ഭൂമി കരാർ ലംഘനം നടത്തിയിട്ടും, കോടതി വിധി ഉണ്ടായിട്ടും ഭൂമി തിരിച്ചെടുക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നെല്ലിയാമ്പതി വനഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കാൻ യു. ഡി. എഫ് നിയോഗിച്ച ഉപസമിതി റിപ്പോർട്ട് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>രാമുകാര്യാട് സ്മാരകത്തിനുള്ള ഭൂമി</u>

1241 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ചലച്ചിത്ര സംവിധായകനായിരുന്ന രാമുകാര്യാട്ടിന് ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ സ്മാരകം പണിയാൻ എത്ര സെന്റ് ഭൂമിയാണ് റവന്യൂവകുപ്പ് നൽകിയത് ; സർവ്വേ നമ്പർ വ്യക്തമാക്കാമോ ;

(ബി) സ്മാരക നിർമ്മാണത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>തമിഴ്നാട്ടിൽ നിന്ന് അനധികൃതമായി കുടിയേറ്റം</u>

1242 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് അനധികൃതമായി കുടിയേറ്റം നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻതോതിൽ നടക്കുന്ന ഇത്തരം കുടിയേറ്റങ്ങൾ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ആഭ്യന്തരവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ചെറുതുരുത്തി തടയണനിർമ്മാണം

1243 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം എന്ന് ആരംഭിച്ചു; ഇതേവരെ വിനിയോഗിച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിനിർമ്മാണം നിർത്തിവെച്ചിട്ട് എത്രകാലമായി; നിർത്തിവെയ്ക്കാനുള്ള കാരണം വിശദമാക്കുമോ;

(സി) നിർത്തിവെച്ച പ്രവൃത്തി പുനരാരംഭിക്കുവാൻ ജലവിഭവവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതലയോഗം ചേർന്നതെപ്പോഴാണ്; അതിനുശേഷം നടന്ന നടപടികൾ എന്ത്; വിശദമാക്കുമോ;

(ഡി) ഉന്നതതലയോഗതീരുമാനങ്ങളുടെ ഭാഗമായി ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ കാലതാമസം ഒഴിവാക്കി നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

1244 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റിവര്‍ മാനേജ്മെന്റ് ഫണ്ട് ഇനത്തില്‍ ഇപ്പോള്‍ നിക്ഷിപ്തമായിട്ടുള്ള തുക എത്ര;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതേവരെ പ്രസ്തുത ഫണ്ടില്‍ നിന്നും നദീതടസംരക്ഷണപദ്ധതികള്‍ക്കായി വിനിയോഗിച്ച തുകയുടെയും പദ്ധതിയുടെയും വിശദാംശങ്ങള്‍ ജില്ലതിരിച്ച് അറിയിക്കുമോ;

(സി) ജില്ലകളില്‍ നിന്നും ജലവിഭവവകുപ്പ് തയ്യാറാക്കി സമര്‍പ്പിക്കുന്ന പദ്ധതികള്‍ക്കാവശ്യമായ അനുമതിയും തുകയും സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഇ) നദീതടസംരക്ഷണപദ്ധതികള്‍ക്കല്ലാതെ ഈ ഫണ്ടില്‍ നിന്നും മറ്റാവശ്യങ്ങള്‍ക്ക് തുക വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പൂഴിവിൽപന കേന്ദ്രങ്ങൾ</u>

1245 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പൂഴി വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പ്രവർത്തിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലേക്ക് പൂഴി ലഭിക്കുന്നത് എവിടെ നിന്നാണെന്ന് പരിശോധന നടത്താറുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ പൂഴിയ്ക്ക് കൊള്ളവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളിൽ പൂഴി വിൽപ്പനക്കും, വില്പനക്ക് വിലനിശ്ചയിക്കുന്നതും ആയി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ;

(എഫ്) ഇത്തരം എത്ര വില്പന കേന്ദ്രങ്ങൾ ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കലക്ടറേറ്റ് കോമ്പൗണ്ടിലെ മരം മുറിച്ചത്</u>
<u>സംബന്ധിച്ച പരാതി</u>

1246 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കലക്ടറേറ്റ് കോമ്പൗണ്ടിലെ മരം അനധികൃതമായി മുറിച്ചതുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അടൂർ ഫയർ സ്റ്റേഷന് ഭൂമിഏറ്റെടുക്കൽ നടപടി</u>

1247 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കെ.ഐ. പി. ഭൂമി ഏറ്റെടുക്കുന്നതിനായിട്ടുള്ള നടപടികൾ ജലവിഭവ വകുപ്പിന്റെ എൻ. ഒ. സി. ലഭ്യമായശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസംമൂലം അടൂർ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം സാദ്ധ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുള്ള കേവല സാങ്കേതികതയിൽ കുരുങ്ങി വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന അനുബന്ധ ഭൂമി എടുപ്പ് നടപടി സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വർഷങ്ങൾ നീളുന്ന ഈ ഫയൽ നടപടിക്രമത്തിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കമ്മാടത്ത് ഭഗവതിക്ഷേത്രംകാവ് കൈയ്യേറിയവർക്കെതിരെ നടപടി</u>

1248 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വെസ്റ്റ് എളേരി പഞ്ചായത്തിൽ കമ്മാടത്ത് ഭഗവതിക്ഷേത്രംകാവ് കൈയ്യേറിയവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും കൈയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## ചാത്തന്നൂർ മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള ഓഫീസുകൾ

1249 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചുവെങ്കിലും, പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടുന്ന ആഫീസുകൾ സിവിൽ സ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഓഫീസുകളാണ് ഇനിയും മാറ്റി സ്ഥാപിക്കുവാനുള്ളത്; അറിയിക്കുമോ;

(സി) സാങ്കേതികമായി ബുദ്ധിമുട്ടില്ലാത്ത ഓഫീസുകൾ വേഗത്തിൽ പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള ധനസഹായം</u>

1250 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടി-മിന്നൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്നവർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകുമോ ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇത്തരം പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാവുന്നവർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം ലഭ്യമാക്കുന്നതിനുള്ള നടപടികൾ</u>

1251 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭൂമി</u>

1252 ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണാവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ നടപടികൾ എത്രനാൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(സി) ഭൂമി വിട്ടുതന്നവരുടെ വിശദ വിവരവും എത്ര ഭൂമിയാണ് ഇവർ ഓരോരുത്തരും നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ഈ പാലം പണിയുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും വീട് നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി

1253 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിടം നർമ്മിക്കുന്നതിനായി കൊട്ടാരക്കര വില്ലേജിൽപ്പെട്ട കെ.ഐ.പി.യുടെ അധീനതയിലുള്ള സ്ഥലം പോലീസ് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള റവന്യൂ വകുപ്പിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്തുകിട്ടാൻ റവന്യൂ വകുപ്പിന്റെ നടപടികൾ ത്വരിതപ്പെടുത്തുമോ ; ആയതിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വില്ലേജുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി</u>

1254 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് കരുവൻതിരുത്തി വില്ലേജിന് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുവൻതിരുത്തി വില്ലേജിന് സ്വകാര്യ വ്യക്തി സൗജന്യമായി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>റീസർവ്വേ നടപടികൾ</u>

1255 ശ്രീ. എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ നിർത്തി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുളള കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ ഇതിനകം റീസർവ്വേ പൂർത്തിയായിട്ടുണ്ട്; അത് ഏതെല്ലാം വില്ലേജുകളാണെന്ന് വ്യക്തമാക്കുമോ; റീ സർവ്വേ നടത്തിയ വില്ലജുകളിൽ നിന്നും എത്ര ഭൂമി മിച്ചഭൂമിയായി സർക്കാരിലേക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; എത്ര ഭൂമി കൈവശക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(സി) റീ-സർവ്വേ നടപടികൾ നിർത്തി വച്ചാൽ ഭൂമി കൈയ്യേറുന്നതും അന്യാധീനപ്പെടുന്നതും ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

റീസർവ്വേ നടപടി

1256

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ റീസർവ്വേ നടപടി പൂർത്തീകരിച്ച എത്ര വില്ലേജുകൾ ഉണ്ടെന്നും എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കാനുണ്ടെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സർക്കാർ പുറമ്പോക്കു ഭൂമി ി</u>

1257 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമിയുടെ സർവ്വേ നമ്പരും വിസ്തൃതിയും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ആക്കുളം കായൽ പ്രദേശത്തെ സ്വകാര്യ കയ്യേറ്റങ്ങൾ</u>

1258 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ, ആറ്റിപ്ര, കടകംപള്ളി എന്നീ വില്ലേജുകളിലുൾപ്പെട്ട ആക്കുളം കായൽ ആകെ എത്ര ഹെക്ടർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര ഹെക്ടറാണ് സർക്കാരിന്റെ പക്കലുള്ളത് ;

(ബി) ഇവിടെ എത്ര കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആരുടെയൊക്കെ പേരിലാണ് കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; ഇവിടെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇവിടെ സ്വകാര്യ സംരഭകർക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കരം ഒടുക്കുന്നതിനുള്ള നടപടി</u>

1259

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറെ കല്ലട വില്ലേജിൽ കാരാളി ജംഗ്ഷൻ, കോതപുരം, പെരുവേലിൽ വീട്ടിൽ രവീന്ദ്രൻപിള്ളയും രാധാമണിയും കൂടി മുൻസർവ്വെ നമ്പർ. 6623/6(ടി.നം.16736) ആയി 9 സെന്റ് 44 ലിംഗ്സ് വസ്തു റീസർവ്വേയിൽ ഉൾപ്പെടുത്തി പേരിൽക്കൂട്ടി ലഭിക്കുന്നതിനായി കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ റീസർവ്വേ ആഫീസുകളിൽ അപേക്ഷകൾ നൽകിയിട്ട് നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പേരിൽക്കൂട്ടി കരം ഒടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ഏഴുകോണിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം</u>

1260 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏഴുകോണിൽ പോലീസ് സ്റ്റേഷനും സർക്കിൾ ആഫീസും നിർമ്മിക്കുന്നതിന് ഏഴുകോൺ വില്ലേജിൽപ്പെട്ട വസ്തു പോലീസ് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തുകിട്ടുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

റീസര്‍വ്വേ പ്രവര്‍ത്തനങ്ങള്‍ നിര്‍ത്താലാക്കിയ നടപടി

1261 ശ്രീ. പി കെ. ഗുരുദാസന്‍
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച സംസ്ഥാന മൊട്ടാകെയുള്ള റീസര്‍വ്വെ നടപടികള്‍ പൂര്‍ണ്ണമായി നിര്‍ത്തലാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) റീസര്‍വ്വെ നടത്തുന്നതിന്റെ ഉദ്ദേശം എന്തായി രുന്നു; അതിപ്പോള്‍ തുടരേണ്ടെന്ന് തീരുമാനിക്കാന്‍ ഇടയാക്കിയ യഥാര്‍ത്ഥ കാരണങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) റീസര്‍വ്വേ പ്രവര്‍ത്തനങ്ങള്‍ സംസ്ഥാനത്ത് ഏത് ഘട്ടത്തി ലെത്തിയപ്പോഴാണ് സ്വകാര്യഭൂമി റിസര്‍വ്വേ ചെയ്യു ന്നത് നിര്‍ത്താന്‍ ഉത്തരവിട്ടതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടി ഭൂമാഫിയകളെ സഹായിക്കാന്‍ മാത്രം ഉതകുമെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലാന്റ് ബാങ്ക് പദ്ധതി</u>

1262

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറമ്പോക്ക് ഭൂമി കണ്ടെത്തി സർക്കാരിന്റെ പ്രത്യേക അക്കൗണ്ടിൽ ഉൾപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുകയും വിജയം വരിക്കുകയും ചെയ്ത ലാന്റ് ബാങ്ക് എന്ന നൂതന പദ്ധതി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എന്തുകൊണ്ടാണ് ഈ പദ്ധതി സജീവമായി നടപ്പിലാക്കാത്തത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യവ്യക്തികൾ കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി കണ്ടെത്തുവാൻ നിലവിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇപ്രകാരം കൈവശം വച്ചിട്ടുള്ള ഭൂമി കണ്ടെത്താതെ ഒഴിവാക്കുന്നതിനും സ്വകാര്യഭൂമികൾ റീസർവ്വേ നടത്താതിരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇപ്രകാരം തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കശുമാവ് കൃഷിവർദ്ധനക്കായി നൽകിയ ഇളവുകൾ</u>

1263 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുമാവ് കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ട ഭൂമി എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ചുവന്നിരുന്ന എത്രപേർ പുതുതായി കശുമാവ് കൃഷി ചെയ്തുകൊണ്ട് പരിധി സംബന്ധിച്ച നിയമ വ്യവസ്ഥയിൽനിന്നും ഒഴിവാക്കപ്പെടുകയുണ്ടായി;

(സി) കശുമാവ് കൃഷി വർദ്ധന ലക്ഷ്യമാക്കിക്കൊണ്ട് ഭൂമി കൈവശംവച്ചുവരുന്നവർക്കായി നൽകിയ ഇളവുകൾ എന്തെല്ലാമായിരുന്നു; ഇതിന്റെ പ്രയോജനം ലഭിച്ചവർ എത്ര; അതുവഴി കശുവണ്ടി ഉല്പാദനത്തിലുണ്ടായ വർദ്ധന എത്ര; ലക്ഷ്യം എത്ര ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>തോട്ടഭൂമിയുടെ വിനിയോഗം</u>

1264 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടഭൂമി ആകെ എത്ര ഏക്കറാണെന്നും പ്രസ്തുത ഭൂമിയുടെ കൈവശക്കാർ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) തോട്ടഭൂമിയുടെ അഞ്ച് ശതമാനം തോട്ടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയത് എത്ര തോട്ടം ഉമടകൾക്കാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ആകെ തോട്ടഭൂമിയുടെ എത്ര ശതമാനം ഭൂമി ടൂറിസം ഉൾപ്പെടെയുള്ള ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) തോട്ടഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകേണ്ടത് ആരാണ്; എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചിട്ടുണ്ട്; ഇതിനകം അനുമതി നൽകിയത് എത്രപേർക്കാണ് ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വയൽ പ്രദേശങ്ങളുടെ ഉപയോഗം</u>

1265 ശ്രീ. കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വർഷങ്ങളായി നാളികേരം, കമുക് തുടങ്ങിയ കൃഷികൾ നടത്തി വരുന്ന വയൽ പ്രദേശങ്ങൾ നെൽവയലുകളുടെ പട്ടികയിൽ നിന്നും മാറ്റി മറ്റു കാർഷിക ആവശ്യങ്ങൾക്കും വീടു വയ്ക്കാനും ഉപയോഗിക്കുന്നതിനു നിലവിലുള്ള തടസ്സം നീക്കുവാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കേരളാ നെൽവയൽ നീർത്തട സംരക്ഷണ നിയമം</u>

1266 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരളാ നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥതല സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള പ്രസ്തുത ഉദ്യോഗസ്ഥതല സംവിധാനത്തിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളെ മറികടന്നുകൊണ്ട് 2011 മെയ് 15-നുശേഷം നാളിതുവരെ എത്ര ഹെക്ടർ നെൽവയൽ നികത്തുവാൻ അനുമതി നൽകിയെന്നും ഏത് സാഹചര്യത്തിലാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>നീർതതട പരിപാലന നിയമം</u>

1267 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീർത്തടപരിപാലനനിയമം നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>വയൽ നികത്തൽ</u>

1268 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന ജില്ലയിൽ വ്യാപകമായി നടക്കുന്ന വയൽ നികത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റവന്യൂ, പോലീസ് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതിനെതിരെ നടപടിയുണ്ടായില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പരിസ്ഥിതിയ്ക്ക് പ്രശ്നം സൃഷ്ടിക്കുകയും ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും ചെയ്യുന്ന പ്രസ്തുത പ്രവൃത്തികൾ ഉടൻ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ; കുറ്റക്കാരായവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>നെൽവയൽ നീർത്തട സംരക്ഷണ നിയമം</u>

1269 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 -ലെ കേരളാ നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നത് എന്നു മുതൽക്കാണെന്നു വ്യക്തമാക്കുമോ ;

(ബി) നിയമം നിലവിൽ വന്നപ്പോൾ കേരളത്തിൽ എത്രലക്ഷം ഹെക്ടർ നെൽപാടങ്ങൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഗവൺമെന്റ് അനുമതിയോടെ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ ഓരോ ജില്ലയിലും നികത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത നെൽവയലുകൾ നികത്തിയതെന്നത് സംബന്ധിച്ചുള്ള ഉത്തരവുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

അനധികൃത മണൽവാരൽ

1270 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2011 ലംഘിച്ചുകൊണ്ട് പാലക്കാട് ജില്ലയിൽ വ്യാപകമായ മണൽ വാരൽ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആക്ടിന്റെ വെളിച്ചത്തിൽ എത്ര കേസുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; റവന്യൂ- പോലീസ് വകുപ്പുകൾ പിടികൂടിയ കേസുകൾ പ്രത്യേകം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഇനത്തിൽ പിഴയും മറ്റുമായി എത്ര രൂപയാണ് റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുള്ളത് ;

(ഡി) അനധികൃത മണൽ വാരൽ തടയുന്നതിന് പാലക്കാട് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>നെൽവയൽ നികത്തലുമായി ബന്ധപ്പെട്ട പരാതികൾ</u>

1271 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് 15നു ശേഷം നെൽവയൽ നികത്തലുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ നെൽവയൽ നികത്തുന്നതു തടയാൻ ഉത്തരവുകൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതി പുനരുദ്ധാരണ പദ്ധതികൾ</u>

1272

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാലവർഷക്കെടുതി പുനരുദ്ധാരണ പദ്ധതികൾ പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികൾ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലാണ് എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം വാർഡുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇതുവരെയും ആരംഭിക്കാത്തത് ഏതെല്ലാം; ഈ പ്രവൃത്തികൾ ചെയ്യാൻ കാലതാമസം നേരിടാൻ കാരണമെന്ത്; ഏത് ഓഫീസിലാണ് ഇതിന്റെ നടപടികൾ പുരോഗമിക്കാത്തത് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി</u>

1273 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും, റവന്യൂ വകുപ്പ് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വരൾച്ച ദുരിതാശ്വാസം</u>

1274 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 വർഷത്തിൽ വരൾച്ച ദുരിതാശ്വാസത്തിനായി എത്ര കോടി രൂപയാണ് അനുദിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ വരൾച്ചയുടെ ഭാഗമായി അടിയന്തിരമായി നടത്തേണ്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക കെടുതികൾ</u>

1275 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷങ്ങളിൽ സംസ്ഥാനത്ത് വെള്ളപ്പൊക്കക്കെടുതികൾ ഏറ്റവും കൂടുതൽ ഉണ്ടായത് ഏതെല്ലാം ജില്ലകളിലാണ്;

(ബി) പ്രസ്തുത വർഷങ്ങളിൽ വെള്ളപ്പൊക്കക്കെടുതികൾ നേരിടുന്നതിന് ഓരോ ജില്ലയ്ക്കും അനുവദിച്ച ദുരിതാശ്വാസ തുക എത്രയെന്ന് അറിയിക്കുമോ;

(സി) 2011-12 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും റോഡ് പുനരുദ്ധാരണത്തിനായി അനുവദിച്ച തുകയുടേയും പ്രവൃത്തികളുടേയും കണക്ക് ലഭ്യമാക്കുമോ; ജില്ലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പേരും അനുവദിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ഡി) 2012-13 വർഷം വെള്ളപ്പൊക്കെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും റോഡ് പുനരുദ്ധാരണത്തിന് ആകെ എത്ര തുക അനുവദിച്ച; അനുവദിച്ചു; പ്രവൃത്തികളുടെ ഓരോന്നിന്റേയും പേരും തുകയും എത്രയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ</u>

1276 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ച നേരിടുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എത്ര തുകയാണ് സഹായമായി ആവശ്യപ്പെട്ടിരുന്നത്;

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിക്കുകയുണ്ടായോ; പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) മതിയായ കേന്ദ്ര സഹായം ലഭിച്ചില്ലെന്ന അഭിപ്രായം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തൂക്കുപാലങ്ങൾ</u>

1277 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദുരന്തനിവാരണവകുപ്പ് മുഖേന സംസ്ഥാനത്ത് പുതുതായി എത്ര തൂക്കു പാലങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

വരൾച്ചാ കെടുതികൾക്ക് ധനസഹായം

T1278 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചാ കെടുതികൾ നേരിടുന്നതിനുവേണ്ടി വിവിധ ജില്ലകൾക്ക് ഇതിനകം അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വരൾച്ചാദുരിതാശ്വാസപദ്ധതി</u>

1279 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാദുരിതാശ്വാസപദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണപ്രവൃത്തികൾക്ക് 2012-2013 സാമ്പത്തികവർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വരൾച്ചാദുരിതാശ്വാസപദ്ധതി സംബന്ധിച്ച് മീറ്റിങ്ങിലെ യോഗനടപടിക്കുറിപ്പ് ലഭ്യമാക്കുമോ;

(സി) ഈ മീറ്റിങ്ങിൽ കുട്ടനാട്ടിലെ വിവിധ പമ്പ് ഹൗസുകളിലെ പഴയ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക്
ചെലവഴിച്ച തുക

1280 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ സർക്കാർ ഖജനാവിൽ നിന്നും എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര തുകക്കുളള നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുളളത് എന്ന് കണക്കാക്കിയിരുന്നോ; എങ്കിൽ എത്ര;

(സി) വരൾച്ച നേരിടുന്നതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; ഇതിനായി എന്തെങ്കിലും പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവോ; ഇത് കേന്ദ്രം പരിഗണിക്കുകയുണ്ടായോ; എത്ര തുകക്കുളള സഹായമാണ് ലഭിച്ചത്;

(ഡി) 2012-13 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസത്തിന് ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര; ഖജനാവിൽ നിന്നുംഈ ഇനത്തിൽ ഇതുവരെ എത്ര തുക ചിലവായി?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വരൾച്ചക്കെടുതി നേരിടുന്നതിന്
സ്വീകരിച്ച നടപടികൾ</u>

1281 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏതെല്ലാം ജില്ലകളിലാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്; ഏതെല്ലാം വിളകൾക്കാണ് നാശം വന്നിട്ടുള്ളത്; വിശദമായ കണക്ക് നൽകുമോ; വിളനാശംവന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വരൾച്ചമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വരൾച്ചമൂലമുണ്ടാകുന്ന കെടുതികൾ നേരിടുന്നതിന് പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഇതിന് കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി ആവശ്യപ്പെട്ടത്; ആവശ്യം പരിഗണിക്കുകയുണ്ടായോ; എങ്കിൽ എന്ത് സഹായമാണ് ലഭിച്ചത് ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്</u>

1282 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ഏറ്റവും കൂടുതൽ ലഭിച്ചത് ഏത് നിയമസഭാ മണ്ഡലത്തിനാണെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടാൻ സ്വീകരിച്ച നടപടികൾ</u>

1283 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വരൾച്ച നേരിടുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ കർഷകർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കാർഷിക ലോണുകൾക്കുള്ള റവന്യൂ റിക്കവറികളും ജപ്തി നടപടികളും നിർത്തി വയ്ക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

വരൾച്ചബാധിത ജില്ലകൾക്കുള്ള ആശ്വാസ നടപടികൾ

1284 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ നേരിടുന്ന ഈ സമയത്ത് എല്ലാ ജില്ലകളും വരൾച്ചാ ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ തലത്തിൽ എന്തെല്ലാം ആശ്വാസനടപടികളാണ് ഓരോ ജില്ലയിലും നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ആശ്വാസ നടപടികൾക്കായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കേന്ദ്രസർക്കാരിൽ നിന്ന് വരൾച്ചാ ദുരിതാശ്വാസം

1285 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച മൂലം ഉണ്ടാകുന്ന കെടുതികൾ നേരിടുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മിക്ക ജില്ലകളിലും നെല്ല് ഉൾപ്പെടെയുളള കാർഷിക വിളകൾ കരിഞ്ഞുണങ്ങി നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുളള കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ച് ലഭിക്കുകയുണ്ടായോ ; ജില്ലാ അടിസ്ഥാനത്തിലുളള കണക്ക് ലഭ്യമാക്കാമോ;

(സി) കുടിവെളള ദൗർലഭ്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ വകുപ്പ് വഴിയുളള കുടിവെളള വിതരണം ഫലപ്രദമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; കുടിവെളള വിതരണത്തിൽ ഉദ്യോഗസ്ഥർ തട്ടിപ്പു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) വരൾച്ചാകെടുതികൾ നേരിടുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എന്ത് തുകയ്ക്കുളള സഹായമാണ് ആവശ്യപ്പെട്ടിട്ടുളളത്. ഇത് പരിഗണിക്കുകയുണ്ടായോ; സഹായം ലഭിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ഇ) 2011-12 സാമ്പത്തിക വർഷം വരൾച്ചാദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എത്രകോടിയുടെ സഹായമാണ് ആവശ്യപ്പെട്ടിരുന്നത്; എന്ത് തുകലഭിച്ചു; എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ദ്രുതകർമ്മസേനയുടെ രൂപീകരണം</u>

1286 ശ്രീ. സണ്ണി ജോസഫ്
'' എം. എ. വാഹിദ്
'' എം. പി. വിൻസെന്റ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സേനയിലെ അംഗങ്ങൾ ആരെല്ലാമാണ് വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റീ സർവ്വേ ഓഫീസിലെ ജീവനക്കാരുടെ പുനർവിന്യാസം</u>

1287 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30.10.2012-ലെ ഉത്തരവ് പ്രകാരം സ്വകാര്യ ഭൂമിയിലെ റീ സർവ്വേ പ്രവർത്തനം നിർത്തലാക്കിയതിന്റെ ഭാഗമായി വകുപ്പിലെ 3000ത്തോളം ജീവനക്കാരെ പുനർവിന്യാസം/പുനഃക്രമീകരണം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഏപ്രിൽ 1 മുതൽ ശമ്പളം ലഭിക്കുന്നതിനുവേണ്ടിയും തുടർച്ചാനുമതിക്ക് വേണ്ടിയും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## മലയോര കൈവശ കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

1288

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 1.1.1977 ന് മുൻപുള്ളതും സംയുക്ത പരിശോധന പൂർത്തീകരിച്ചതുമായ മലയോര കൈവശ കൃഷിക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) റാന്നി നിയോജക മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിൽ കഴിഞ്ഞ 80 വർഷത്തിലധികമായി താമസിക്കുന്ന കൈവശ കൃഷിക്കാർക്കുപോലും പട്ടയം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര കൈവശകൃഷിക്കാരുടെ എത്ര ഭൂമിക്കാണ് പട്ടയം നൽകാനുള്ളത്; ഇവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ; പട്ടയം നൽകുന്നതിന് നിലവിൽ എന്തു തടസ്സമാണുള്ളത്; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് അറിയിക്കുമോ;

(സി) റാന്നി താലൂക്കിലെ ഇനിയും പട്ടയം നൽകേണ്ട ആളുകളുടെ എണ്ണവും, അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവും സഹിതം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) റാന്നി താലൂക്കിലെ ചൂരക്കുഴി കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഇനിയും എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ട്; ഈ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കി പട്ടയം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

(ഇ) പത്തനംതിട്ട ജില്ലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് പകരമായി ഇടുക്കി ജില്ലയിലെ മൂന്നാർ - കമ്പക്കല്ലിലെ 8000 ഏക്കർ നീലക്കുറിഞ്ഞി സാങ്ചറിക്ക് മാറ്റിവെച്ച ഭൂമി പരിഹാര വനവത്ക്കരണത്തിനുള്ള ഭൂമിയായി കണക്കാക്കി കേന്ദ്രാനുമതി വാങ്ങുന്നതിന് റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിന് കേന്ദ്രാനുമതി ലഭ്യമാണോ; ഇതു സംബന്ധിച്ച് കേന്ദ്രാനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ഇപ്പോൾ നൽകുന്ന പട്ടയങ്ങളിൽ 25 വർഷത്തേക്ക് ഇതു കൈമാറാൻ പാടില്ല എന്ന് വ്യവസ്ഥ വയ്ക്കുന്നത് എന്തുകൊണ്ട്; ഇതുമൂലം ഭൂമികളുടെ പട്ടയം ബാങ്കുകളിൽ ഈടായി സ്വീകരിക്കാത്തതുമൂലം സാധാരണക്കാരായ നിരവധി കർഷകർക്ക് തങ്ങളുടെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനും മറ്റും ബാങ്ക് വായ്പ ലഭിക്കാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വ്യവസ്ഥ മാറ്റുന്നതിനോ, അല്ലെങ്കിൽ, കാലാവധി 5 വർഷമാക്കി കുറയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഉടുമ്പൻചോല താലൂക്കിൽ കുടിയേറിയ കർഷകരുടെ ഭൂമിക്ക് പട്ടയം</u>

1289 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിൽ 1977 ജനുവരി ഒന്നിനുമുമ്പ് കുടിയേറിയ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര പേർക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട് ;

(ബി) 1977 ജനുവരി ഒന്നിനുമുമ്പ് കുടിയേറിയ കർഷകരുടെ ഭൂമി കുത്തകപാട്ടമാണ് എന്ന് ചൂണ്ടിക്കാട്ടി പട്ടയം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1977 നുമുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും കാലവിളംബം കൂടാതെ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ബേപ്പൂര്‍ നിയോജമണ്ഡലത്തിലെ രാജീവ് കോളനി നിവാസികള്‍ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി

1290 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബേപ്പൂര്‍ നിയോജകമണ്ഡലത്തിലെ രാജീവ് കോളനി നിവാസികള്‍ ഉള്‍പ്പെടെയുള്ളവര്‍ക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവര്‍ക്ക് പട്ടയം നല്‍കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) എത്ര പേര്‍ക്ക് പട്ടയം നല്‍കാന്‍ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി കേസുകൾതീർപ്പാക്കാൻ സ്വീകരിച്ച നടപടി</u>

1291 ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. കെ.കെ.നാരായണൻ
,, കെ.ദാസൻ
,, ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തോട്ടഭൂമികളുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ടോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടഭൂമികൾ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലായിട്ടുണ്ടോ; ഇവ പൂർണ്ണമായും ഭൂരഹിതർക്ക് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(സി) മിച്ചഭൂമിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി കെട്ടിക്കിടക്കുന്ന കേസുകൾ എത്രയാണ്; കേസുകൾ നീണ്ടുപോകുന്നത് മൂലം ഏറ്റെടുക്കാൻ കഴിയാത്ത ഭൂമികൾ എത്രയാണ്;

(ഡി) ഇത്തരം കേസുകൾ സമയബന്ധമായി തീർപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ലാന്റ് ട്രിബ്യൂണൽ അവാർഡ് പ്രകാരമുള്ള മിച്ചഭൂമി</u>

1292 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ലാന്റ് ട്രിബ്യൂണൽ അവാർഡ് പ്രകാരം വടകര താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് മിച്ചഭൂമി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിച്ചഭൂമി ആരുടെയെല്ലാം കൈവശമാണ് ഇപ്പോഴുള്ളതെന്നും എത്ര ഭൂമിവീതം ഓരോരുത്തരുടെയും കൈവശമുണ്ടെന്നും ഉടമകളുടെ പേരുവിവരം സഹിതം ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധമായി ഏതെങ്കിലും കോടതികളിൽ കേസ്സ് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമിയുടെ അളവും ഗുണഭോക്താക്കളുടെ എണ്ണവും</u>

1293 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം ചെയ്ത മിച്ച ഭൂമിയുടെ അളവും, ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ 5 വർഷംകൊണ്ട് ഭൂരഹിതർക്കായി വിതരണം ചെയ്ത ഭൂമിയുടെ അളവും ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി വ്യാജരേഖ നിർമ്മാണം</u>

1294 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി മിച്ചഭൂമി വ്യാജരേഖ നിർമ്മിച്ച് കൈക്കലാക്കാൻ ശ്രമം നട ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് 72 ഏക്കർ മിച്ചഭൂമി വ്യാജരേഖയുണ്ടാക്കി കൈക്കലാക്കിയ വിവരം സർക്കാരിന് അറിവുള്ളതാണോ ;

(സി) ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു വീഴ്ച വന്നിട്ടുള്ള തായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) കൊച്ചി കടമക്കുടിയിലെ നിർദ്ദിഷ്ട മെഡിസിറ്റിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ഇ) ഈ സ്ഥലം രേഖകൾ പ്രകാരം ഏത് തരം സ്ഥലത്തിൽ ഉൾപ്പെട്ടതാണെന്ന് വിശദമാക്കുമോ ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഭൂമിയുടെ ഉപയോഗം</u>

1295 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; തോട്ടം ഭൂമി എത്ര; കശുവണ്ടി കൃഷി ചെയ്തുവരുന്ന ഭൂമി എത്ര; നെൽകൃഷി ചെയ്തുവരുന്ന ഭൂമി എത്ര; സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി എത്ര; മിച്ചഭൂമി എത്ര;

(ബി) പരിധി കഴിഞ്ഞ ഭൂമി കൈവശം വെച്ചുവരുന്ന വ്യക്തികളും സ്ഥാപനങ്ങളും എത്ര; അത്തരത്തിലുള്ള ഭൂമി എത്ര;

(സി) ഭൂരഹിതരായ കുടുംബങ്ങൾ എത്ര; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ആറന്മുള സ്വകാര്യ എയർപോർട്ട്</u>

1296 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള സ്വകാര്യ എയർപോർട്ടിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട മുഴുവൻ ഭൂമിയിൽ സർക്കാർഭൂമി എത്ര; സ്വകാര്യവ്യക്തികളുടെ ഭൂമി എത്ര; മിച്ചഭൂമിയായി കരുതപ്പെടുന്ന ഭൂമി എത്ര; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സർക്കാർഭൂമിയും, മിച്ചഭൂമിയും മുൻപ് നെൽക്കൃഷി ചെയ്തുവന്ന ഭൂമി ആണോ; സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ നെൽവയൽ എത്ര ഏക്കർ; വിശദമാക്കുമോ;

(സി) സർക്കാർഭൂമിയോ മിച്ചഭൂമിയോ എയർപോർട്ടിനായി നൽകാമോ; പകരം ഷെയർ വാങ്ങുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പുറമ്പോക്കിൽ നിവസിക്കുന്നവർക്കുള്ള പട്ടയം</u>

1297 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള അപേക്ഷകളിൽ സർക്കാർ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും, എന്നത്തേയ്ക്ക് ഇവർക്ക് പട്ടയം നൽകുന്നതിന് സാധിക്കുമെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>മണക്കാട് വില്ലേജിൽ പട്ടയം</u>

1298 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ അമ്പലത്തറ വാർഡിൽ മണക്കാട് വില്ലേജിലെ വരവിള, ചൂരൽതോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വളരെ വർഷങ്ങളായി സർക്കാർ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എൺപതോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ചുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ പട്ടയം വിതരണം</u>

1299 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു;

(ബി) പട്ടയം ലഭിക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ;

(സി) തീർപ്പ് കൽപ്പിക്കാത്ത എത്ര അപേക്ഷകളാണ് നിലവിൽ ഉള്ളത്;

(ഡി) ഇത് എന്ന് തീർപ്പ് കൽപ്പിക്കാനാകും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വടകര താലൂക്കിലെ മിച്ച ഭൂമി</u>

1300 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് മിച്ചഭൂമി ഉളളത്; പ്രസ്തുത മിച്ചഭൂമി ആരുടെയെല്ലാം കൈവശത്തിലാണ് ഇപ്പോൾ ഉളളത്; ഓരോരുത്തരുടെയും കൈവശം എത്ര അളവ് മിച്ചഭൂമി ഉണ്ട്; ഭൂവുടമയുടെ പേര് സഹിതമുളള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത മിച്ചഭൂമിയിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നവ ഏതൊക്കെയെന്നും ഏതെല്ലാം കോടതികളിലാണ് കേസുകൾ നിലനിൽക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി സമരം</u>

1301 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി പിടിച്ചെടുക്കുമെന്ന പ്രഖ്യാപനവും മിച്ചഭൂമിയിൽ കുടിൽകെട്ടിയും ചെയ്ത സമരം ജനുവരി 1 മുതൽ നടന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നിരുന്നുവോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം നടത്തിയത് എന്ന് അറിയിച്ചിരുന്നുവോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സമരം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും ചർച്ചകൾ നടന്നിരുന്നുവോ ; എങ്കിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിൽ കെട്ടി സമരം നടത്തിയ ഭൂമികൾ ഈ സർക്കാരിന്റെ കാലത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ചതാണോ അതോ കഴിഞ്ഞ സർക്കാരുകളുടെ കാലത്തും മിച്ചഭൂമിയായി നിലനിന്നത് തന്നെയാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## <u>മിച്ചഭൂമി</u>

1302 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിച്ചഭൂമി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ആകെ വിസ്തൃതി എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>വനംഭൂമി കൈവശമുള്ള കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടി</u>

1303 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി വനം വകുപ്പിന്റെ അഭിപ്രായസഹിതം സമർപ്പിച്ചിട്ടുള്ള റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) ഇവർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി വകുപ്പിന്റെ കാര്യക്ഷമത</u>

1304 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിനെ് കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഏതെല്ലാം കാര്യങ്ങളിലാണ് വകുപ്പിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നത് ;

(സി) ഇതിനായി വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇടനിലക്കാർക്ക് പ്രോത്സാഹനം നൽകുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

കയർ മേഖലയിലെ പുതിയ സംഘങ്ങൾ

1305 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കയർ മേഖലയിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള സംഘങ്ങളിൽ കൂടുതൽ തൊഴിലാളികൾ ഉണ്ടായിട്ടാണോ, കയർ ഉല്പന്നങ്ങൾക്ക് വിപണിയിൽ കുറവുണ്ടായിട്ടാണോ എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയതായി സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾക്ക് എത്ര രൂപ വീതമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെങ്കിൽ കയർ മേഖലയുടെ സംരക്ഷണത്തിനായി നീക്കിവച്ചിട്ടുള്ള പണമാണോ അതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഇൻകം സപ്പോർട്ട് സ്കീം</u>

1306 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഇൻകംസപ്പോർട്ട്സ്കീം നടപ്പിലാക്കുന്ന സർക്കാർ നടപടി എവിടെവരെയായി എന്ന് വിശദമാക്കാമോ ; എത്രപേർക്ക് ഇൻകംസപ്പോർട്ട് സ്കീം പ്രകാരമുള്ള
ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും പറയാമോ ; ഇത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇൻകംസപ്പോർട്ട്സ്കീം പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള സാങ്കേതിക നൂലാമാലകൾ പരിഹരിക്കുവാനും ; ഇൻകംസപ്പോർട്ട്സ്കീം പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യം കയർ സംഘങ്ങൾക്ക് നേരിട്ട് പണമായി നൽകുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കയർ കേരള 2012</u>

1307 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷം കയർ വകുപ്പിൻകീഴിൽ ഓരോ കണക്കിലും സംസ്ഥാനബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഖജനാവിൽ നിന്നും എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കയർ കേരള 2012-ൽ എത്ര തുകയ്ക്കുള്ള വ്യാപാര ഓർഡർ ലഭിച്ചു; അത്രയും വ്യാപാരം നടക്കുകയുണ്ടായോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കയർമേഖലയിലെ പുനരുദ്ധാരണ പദ്ധതികൾ</u>

1308 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിന്റേതായി എത്ര ഓഫീസുകളും ഉദ്യോഗസ്ഥരുമാണ് വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നത്; വകുപ്പിന്റെ ഉടമസ്ഥതയിൽ വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സ്ഥലം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രസ്തുത പ്രദേശത്ത് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കയർ മേള</u>

1309 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കയർ മേള സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് ഈ മേളയിൽ പങ്കെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയ്ക്കുള്ള നേരിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിനാണ് മേളയിൽ ഒരുക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) മറ്റ് വർഷങ്ങളേക്കാൾ വിറ്റുവരവിൽ എത്ര വർദ്ധനവാണ് ഈ വർഷം പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) കയർ മേഖലയിൽ ഗവേഷണ സാങ്കേതിക വിവരങ്ങൾ കൈമാറ്റം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ മേളയിൽ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കയർ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും</u>

1310 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ കയർ വകുപ്പിന് കീഴിൽ ഓരോ കണക്കിലും വകയിരുത്തിയ പദ്ധതി പദ്ധതിയേതിര തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ബി) 2012-13 വർഷം കയർ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തൊണ്ട് സംഭരണ പദ്ധതി</u>

1311 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരിഷ്ക്കരിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പരിഷ്ക്കരിച്ച പുതുക്കിയ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കയർ മേഖലയിൽ നടപ്പിലാക്കുന്ന കർമ്മ പരിപാടികൾ</u>

1312 ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് നിലവിലുള്ളത്;

(സി) കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വൈവിധ്യങ്ങളായ കയറുല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?